## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2290** | 05.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

### അനുമാന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ടി.ബൽറാം | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഒരു കോടിയിൽ താഴെ വാർഷിക വിറ്റുവരവുള്ള ഹോട്ടലുകൾക്ക് അനുമാന നികുതി തെരഞ്ഞെടുക്കുന്നതിന് അധികാരം നൽകിയിട്ടുണ്ടോ; | (എ) | ജി.എസ്.ടി നിയമമനുസരിച്ച് ഒന്നരക്കോടിക്ക് താഴെ വിറ്റുവരവുള്ള വ്യാപാരസ്ഥാപനങ്ങൾക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഹോട്ടലുകൾ ആകെ വിറ്റുവരവിന്റെ എത്ര ശതമാനമാണ് അനുമാന നികുതിയായി അടയ്ക്കേണ്ടത്; | (ബി) | കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്തിട്ടുള്ള ഹോട്ടലുകൾ നികുതിബാധ്യതയുള്ള ആകെ വിറ്റുവരവിന്റെ 5% നികുതിയായി അടയ്ക്കേണ്ടതാണ്. |
| സി) | പ്രസ്തുത ഹോട്ടലുകൾ ഉപഭോക്താക്കളിൽ നിന്നും ജി.എസ്.ടി. ഈടാക്കരുതെന്ന നിബന്ധനയ്ക്ക് വിരുദ്ധമായി നികുതി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്തിട്ടുള്ള വ്യാപാരികൾക്ക് നികുതി പിരിക്കാൻ അധികാരമില്ല. |
| (ഡി) | എങ്കിൽ, അനുമാന നികുതി സ്കീം തെരഞ്ഞെടുത്തിട്ടുണ്ടെന്നും ജി.എസ്.ടി. ഇല്ലായെന്നുമുള്ള ബോർഡ് പ്രസ്തുത ഹോട്ടലുകളിൽ പ്രദർശിപ്പിക്കാൻ നിർദ്ദേശിക്കുമോ? | (ഡി) | ജി.എസ്.ടി നിയമമനുസരിച്ച് ഇത്തരത്തിലുള്ള ബോർഡുകൾ വ്യാപാരസ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ